
4392

THEORY
OF
BOOK BINDING

...A FIRST ISLAM HIGH SCHOOL
Date
PULAU PINANG



1067

BY
P. K. LOUIES

തീയറി ഓഫ്
ബുക്ക് ബൈൻറിങ്ങ്



By

പി. കെ. ലൂയീസ്.



പ്രസാധകർ :

പൂവ്വത്തിങ്കൽ ഫോളിങ്ങ് & ബൈണ്ടിങ്ങ് വർക്ക്സ്,

ഹൈറോഡ് : : തൃശ്ശൂർ.

ഒന്നാംപതിപ്പ് കോപ്പി 500

1958

വില 12ണ.

മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.



ഗ്രന്ഥകർത്താ:

പി. കെ. ലൂവീസ്.

അവതാരിക.



ഭരണ നിർവ്വഹണത്തിന്നാവശ്യമായ ഗ്രമസ്ഥന്മാരെ കുറഞ്ഞ ചിലവിൽ റിക്രൂട്ടുചെയ്യാനുള്ള ബെയ്സുകളെന്നനിലയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വം പടച്ചുണ്ടാക്കിയതാണ് ഇന്ത്യയിൽ ഇതുവരെ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസക്രമങ്ങളും. വിദ്യാലയജീവിതം കഴിഞ്ഞു പുറത്തുവരുന്ന ചെറുപ്പക്കാർ സർക്കാരുദ്യോഗങ്ങളോ, അദ്ധ്യാപകവൃത്തിയോ അനേഷിച്ചു ചുറ്റിത്തിരിയേണ്ടിയിരുന്നു. ഇന്ത്യയെപ്പോലെ വർദ്ധിച്ച ജനസംഖ്യയുള്ള ഒരു രാജ്യത്തു ഉദ്യോഗങ്ങളാംക്കൊരു പരിമിതിയുണ്ടല്ലോ. തൽഫലമായി തൊഴിലില്ലായ്മ രാജ്യത്തുടനീളം സംജാതമായി.

വ്യാവസായികവളർച്ചയില്ലാത്ത ഒരു രാജ്യത്തിന്ന് ദാരിദ്ര്യവും പട്ടിണിയും അടിമത്തവും അനുഭവിക്കേണ്ടിവരുമെന്ന അനുഭവം നമ്മെ പഠിപ്പിച്ചു. ഇന്ത്യയുടെ വ്യാവസായിക പുരോഗതിക്കു തടസ്സമായി നിന്നിരുന്ന സാമ്രാജ്യാധിപത്യത്തെ നാം കെട്ടുകെട്ടിച്ചു. നാം സ്വാതന്ത്ര്യത്തിന്റെ യുഗത്തിലേയ്ക്കു പ്രവേശിച്ചു. ഗ്രമസ്ഥന്മാരെ സൃഷ്ടിച്ചുവിട്ടിരുന്ന വിദ്യാഭ്യാസ ക്രമത്തിനു പകരം വ്യാവസായിക പുരോഗതിക്കാവശ്യമായ സാങ്കേതിക വിദ്യാഭ്യാസക്രമം നാം അംഗീകരിച്ചു.

രാജ്യത്തിന്റെ പുരോഗതിക്കു വലിയ വ്യവസായങ്ങളും എത്രകണ്ടു പ്രാധ്യാനൃമർഹിക്കുന്നുവോ അതിലൊട്ടും കുറയാത്തതു പ്രാധാന്യം ചെറുകിട വ്യവസായങ്ങൾക്കുമുണ്ട്. അക്കൂട്ടത്തിൽ പുസ്തകവ്യവസായത്തിനും ചെറിയൊരു സ്ഥാനമുണ്ട്. അതിനെ മാനിച്ചുകൊണ്ടാണ് നമ്മുടെ വിദ്യാലയങ്ങളിലെ പഠനക്രമത്തിൽ ബുക്ക് ബൈണ്ടിംഗ് ഒരിനമായി അംഗീകരിച്ചിട്ടുള്ളതു്.

ബുക്ക് ബൈണ്ടിംഗിനെക്കുറിച്ചുള്ള ഈ കൊച്ചു പുസ്തകത്തിന്റെ കർത്താവു് ഒരു എഴുത്തുകാരനല്ല. ആ നിലയിൽ ഇതിൽ പോരായ്മകളും കണ്ടേക്കാം. എന്നാൽ ആ തൊഴിലിൽ ദീർഘകാലത്തെ തഴക്കവും പഴക്കവുമുള്ള ഒരാളാണദ്ദേഹമെന്നു എനിക്കു ചിരകാലപരിചയത്തിൽനിന്നു പറയുവാൻ കഴിയും. ഗ്രന്ഥപാരായണത്തിൽനിന്നുള്ള അറിവിനേക്കാളും പ്രായോഗിക പരിജ്ഞാനത്തിനു മാഹാത്മ്യം കൂടുമെന്നു സമ്മതിക്കാതെ തരമില്ലല്ലോ.

സിലബസ്സ് അനുസരിച്ചുള്ള ഒരു പാഠപുസ്തകമായിട്ടാണു് ഇതു രചിക്കപ്പെട്ടിരിക്കുന്നതു്. ചോദ്യങ്ങളും ഇതിലുണ്ടു്. അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും ഇതു ഒരുപോലെ സഹായകമായിരിക്കും. ഇതിൽ ഭാഷാപരമായും മറ്റും ചിലതെറ്റുകളും കടന്നുകൂടിയിട്ടുണ്ടു്. അതിനു ഒരു ശുദ്ധിപത്രവും ചേർക്കുന്നുണ്ടെന്നറിയുന്നു. രണ്ടാം പതിപ്പിൽ ഈ ന്യൂനതകളെല്ലാം പരിഹരിക്കപ്പെടാവുന്നതേയുള്ളു.

സാങ്കേതിക വിദ്യാഭ്യാസ പുരോഗതിക്കു ഈ ചെറിയ സംഭാവന നല്കുന്ന ശ്രീ. ലൂവീസ് അനുമോദനാർഹനാണു്.

തൃശ്ശൂർ,
6-11-1958.

യം. എ. ജോർജ്ജ്. (ഒപ്പു്)

അവതാരിക.

സാങ്കേതിക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ പുതിയ ഒരു യുവതലമുറയെ അത്യന്താപേക്ഷിതമായും നമ്മുടെ രാഷ്ട്രം അനുദിനം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, അത്തരം വിഷയങ്ങളെക്കുറിച്ച് തുലോം പരിമിതമായ ഗ്രന്ഥ ശേഖരങ്ങളുള്ള മലയാളത്തിൽ ശ്രീ: പി. കെ. ലൂവീസ് അവർകൾ കാഴ്ചവെയ്ക്കുന്ന "ബുക്ക് ബൈൻറിങ്ങിൻെറ തീയറി" (Theory of Book Binding) എന്ന ഈ കൊച്ചു ഗ്രന്ഥം തികച്ചും സ്വാഗതാർഹമാണ്.

'ബുക്ക് ബൈൻറിങ്ങ്' എന്നാൽ വിദ്യാഭ്യാസപരമായ യോഗ്യതയും സാങ്കേതിക പരിശീലനവും നേടേണ്ട ഒരു കല യായി ആരും അതു ഗണിക്കാറില്ലെന്നു തോന്നുന്നു. പക്ഷെ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയനുസരിച്ച് അടിസ്ഥാനപരമായ കൈത്തൊഴിലുകൾക്ക് പ്രാധാന്യം നല്കിയതോടെ അത്തരം പല വിദ്യകൾക്കും ഒരു ഉണർവ്വും അന്തസ്സും കൈവന്നിട്ടുണ്ട് എന്നതിൻെറ പ്രത്യക്ഷലക്ഷണമാണ് ഇത്തരത്തിലുള്ള അപൂർവ്വ പ്രസിദ്ധീകരണങ്ങളും.

ഈ പ്രത്യേക തൊഴിൽശാഖയുമായുള്ള തൻെറ വളരെക്കാലത്തെ പരിചയത്തിൽനിന്നും വിദ്യാർത്ഥികൾക്കു അനായാസമായി പഠിക്കാനുതകുന്ന രീതിയിൽ വസ്തുതകളെ പ്രതിപാദിക്കാൻ ശ്രീ: ലൂവീസിനു സാധിച്ചിട്ടുണ്ട്. പോരായ്മകളുണ്ടെങ്കിൽ തിരുത്താവുന്നതുമാണല്ലൊ. ഒരടിസ്ഥാന ഗ്രന്ഥമെന്ന നിലയിൽ

അടുത്തപതിപ്പ് വളരെ വിശിഷ്ടമായ പരിശോധനക്കശേഷം വീ
പുലീകരിച്ച് പ്രസിദ്ധീകരിക്കുമെന്നു ഞാനെന്റെ സ്നേഹിത
നോടപേക്ഷിക്കുന്നു.

ഇത്തരത്തിലുള്ള പ്രാമാണിക ഗ്രന്ഥങ്ങളെയും ഗ്രന്ഥകാര
ന്മാരെയും അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമ്മുടെ
വിദ്യാഭ്യാസവകുപ്പിലെ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കുന്നതു നന്നാ
യിരിക്കുമെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

ശ്രീ ലൂവീസിനെ അദ്ദേഹത്തിന്റെ ഈ പരിശ്രമത്തിൽ
ഞാൻ അകമഴിഞ്ഞഭിനന്ദിക്കുന്നു.

കാറളം
12-12-1958.

— കാറളം ബാലകൃഷ്ണൻ.

അവതാരിക

ബഹു: കേരള ഗവർമ്മേണ്ടിൽനിന്നും ഇടംപ്രഥമമായി ബുക്ക് ബൈൻറിങ്ങിന്നു പരീക്ഷ ഏല്പെട്ടതിയിട്ടുണ്ടെന്നു മനസ്സിലാക്കി അഭ്യസ്തവിദ്യരായ അനവധി കുട്ടികൾ, പരീക്ഷക്കിരിക്കാവുന്ന തരത്തിൽ തങ്ങളെ പഠിപ്പിക്കേണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞങ്ങളെ സമീപിച്ചു. ജോലിത്തിരക്കുമൂലം ഞങ്ങൾ ആദ്യം നിരസിച്ചെങ്കിലും അവരുടെ നിരന്തരമായ അപേക്ഷയെ ആദരിച്ച് പഠിപ്പിക്കാമെന്നേറ്റു. എന്നാൽ പഠിപ്പിക്കാവുന്ന തരത്തിൽ മലയാളത്തിലുള്ള തീയറി കിട്ടുമോ എന്നു് അന്വേഷിച്ചെങ്കിലും നിരാശരാകേണ്ടിവന്നു. അതുകൊണ്ടു ഞങ്ങളുടെ നിത്യത്തൊഴിലായ ബുക്ക്ബൈൻറിങ്ങിന്നു ഞങ്ങൾതന്നെ ഒരു തീയറിയെഴുതിയുണ്ടാക്കുകയും, സാങ്കേതികപദങ്ങൾക്കു ഇംഗ്ലീഷിലുള്ള ഒരു പുസ്തകത്തെ അഭയംതേടുകയും ചെയ്തു. അങ്ങിനെ പ്രസ്തുത വിദ്യോത്പ്രേരകർക്കു വേണ്ടി മാത്രം തയ്യാറാക്കിയ ഈ തീയറി അച്ചടിച്ചാൽകൊള്ളാമെന്നുള്ള ആഗ്രഹത്തിൻെറ പ്രതികരണമാണ് ഈ ചെറുപുസ്തകം. അടുത്ത പരീക്ഷക്കുമുമ്പായി പുറത്തിറക്കണമെന്നുള്ള മോഹത്താൽ ദ്രുതഗതിയിൽ അച്ചടിക്കേണ്ടിവന്നതുകൊണ്ടു അല്പം ചില തെറ്റുകൾ ഉണ്ടായേക്കാമെന്നുള്ളതിൽ ഞങ്ങൾക്കുതന്നെ അഭിപ്രായവ്യത്യാസമില്ല. അത്തരം തെറ്റുകൾ പൂണ്ടിക്കാണിക്കേണ്ടതു വായനക്കാരുടെയും തിരുത്തേണ്ടതു ഞങ്ങളുടെയും കടമയാണെന്നുള്ള കാര്യത്തിൽ ഞങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു.


തൃശ്ശൂർ,

1—11—1958. പ്രസാധകർ.


വിഷയവിവരം

പാഠം		പേജ്
	പശ	9
	വജ്രപ്പശ	10
	കടലാസ്സുകളുടെ തരവും മടക്കലും	11
	ക്ലട്ടിച്ചേക്കൽ	13
	ഒത്തുനോക്കൽ	15
	കനംകുറക്കൽ	15
	അടയാളപ്പെടുത്തൽ	16
	അറക്കൽ	16
	തുന്നൽ	17
	ഗ്ലൂയിങ്ങ് അപ്	25
	കട്ടിംഗ്	26
	എഡ്ജ് ഡെക്കറേഷൻ	28
	റൌണ്ടിങ്ങ്	31
	ബേക്കിങ്ങ്	31
	ഹെഡ് ബേൻറിങ്ങ്സ്	32
	ലൈനിങ്ങ് ദി ബേക്ക്	32
	അറാച്ചിങ്ങ് ദി ബോർഡ്	33
	തോൽ	34
	സ്റ്റൈൽസ് ഓഫ് ബൈൻറിങ്ങ്	34
	സ്റ്റിഫ്നർ, റെയിസ്ഡ് ബേൻറ്സ്, കംപ്ലിറ്റ് ദി ഫോർവാർഡിങ്ങ്	37
	റജിസ്റ്റർ	38


അച്ചടിച്ച ഫോറം മടക്കൽ (പേജ് 13)




നോൺ ഫ്ളക്സിബിൾ സ്പീയിങ്ങ് (പേജ് 17)



ആം എലോങ്ങ് ടേപ്പ് സ്പീയിങ്ങ് (പേജ് 20)



സേഡൽ സ്റ്റിച്ചിങ്ങ് (പേജ് 21)



റൌണ്ടിങ്ങ് ബേക്കിങ്ങ് (പേജ് 31)

റൌണ്ടിങ്ങ് റൌണ്ടിങ്ങിനു മുമ്പ് ബേക്കിങ്ങ്








ഹാഫ് ബൈൻറ് ആൻറ് കോർണർ (പേജ് 35)





പാഠം 1

പശ PASTE

പശയുണ്ടാക്കുവാൻ, അളവുകൾ:

അമേരിക്കൻമാവ്	=	3 ടീസ്പൂൺ
സ്റ്റടികക്കാരം	=	½ ,,
വെള്ളം	=	3 ഔൺസ്

ഈ അളവിൽ മൂന്നുംചേർത്ത് നല്ലമാതിരി കലക്കി അടുപ്പിൽ വെച്ചു ചൂടാക്കിയാൽ പശയായി. തിളച്ചുകൊണ്ടിരിക്കുന്ന പശയിൽ പോളകളം പൊന്തിക്കണ്ടാൽ ഇറക്കിവെക്കാം. അടുപ്പിൽ വെച്ചതുമുതൽ ഇറക്കിവെക്കുന്നതുവരെ തുടച്ചുയായി ഒരു കോലു കൊണ്ട് ഇളക്കിക്കൊണ്ടിരിക്കണം. ഏകദേശം 5മിനിട്ടുകൊണ്ടു പശയാകും.

സ്റ്റടികക്കാരത്തിനു പകരം തുരിശുചേർത്തും പശയുണ്ടാക്കാം.

മാവ്	=	3 ടീസ്പൂൺ
തുരിശ്	=	1 മഞ്ചാടി
വെള്ളം	=	3 ഔൺസ്

ഈ അളവിലും പശയുണ്ടാക്കാം. എന്നാൽ സ്റ്റടികക്കാരം ചേർക്കുമ്പോഴോ തുരിശോ, തുരിശുചേർക്കുമ്പോഴോ സ്റ്റടികക്കാരമോ ചേർക്കരുത്.

ഇങ്ങിനെ ഉണ്ടാകുന്ന പശയ്ക്കു കട്ടി കൂടുതലായിരിക്കും. ഇതിനു് Hard or Thick Paste എന്നു പറയുന്നു.

എന്നാൽ കാർഡ്ബോർഡും, കടലാസ്സും ഒട്ടിയ്ക്കുവാൻ ഇതുകൂടിയുള്ള പശ ഉപയോഗിക്കാറില്ല. അതിനു Thin Paste ആവശ്യമാണു്. മേൽചേത്ത അളവിൽ 3 ഔൺസ് വെള്ളത്തിനുപകരം 6 ഔൺസ് വെള്ളംചേത്തോ Thick Pasteൽ വെള്ളം ചേത്തു് കലക്കിയോ Thin Paste ഉണ്ടാക്കാം.

★

വജ്രപ്പശ GLUE

വജ്രപ്പശയിൽ ലൈറ്റ് ബ്രൌൺ (Light Brown) ഡാക്ക് ബ്രൌൺ (Dark Brown) എന്നിങ്ങിനെ രണ്ടു തരത്തിലുണ്ടു്. അതിൽ ലൈറ്റ് ബ്രൌൺ ആണു് ഏറ്റവും നല്ലതു്.

വജ്രത്തെ തുണ്ടുകളാക്കി സുമാർ 6 മണിക്കൂർ സമയം വെള്ളത്തിലിട്ടു് കുതിന്നശേഷം അടുപ്പത്തുവെച്ചു തിളപ്പിക്കുക. രണ്ടു മൂന്നു പ്രാവശ്യം പതയോടുകൂടി പൊന്തിവരുമ്പോഴം രണ്ടുവിരൽ കൊണ്ടു തൊട്ടുനോക്കിയാൽ നൂൽ പാവിയമാതിരികാണും അപ്പോഴം അടുപ്പിൽനിന്നും ഇറക്കിവെയ്ക്കാം. ഒരിക്കൽ തിളപ്പിച്ചതിനെ വീണ്ടും തിളപ്പിച്ചാൽ അതിന്റെ ഗുണം കുറയും. അതുകൊണ്ടു ആവശ്യത്തിനുമാത്രമേ തിളപ്പിയ്ക്കാവൂ. അതാണു് നല്ലതു്.

വജ്രപ്പശതിളപ്പിക്കുമ്പോഴം നേരിയദുർഗ്ഗന്ധമുണ്ടാകും. അതിനാൽ വട്ടം കൂടിയ ഒരു പാത്രത്തിൽ വെള്ളമൊഴിച്ചു മറെറാരു ചെറിയ പാത്രത്തിൽ വജ്രത്തുണ്ടുകളുമിട്ടു് ആവിയിൽ വേവിച്ചാൽ ഈ നാറ്റമുണ്ടാവുകയില്ല.


ചോദ്യം: പശയുണ്ടാക്കുന്നവിധം വിവരിക്കുക Thick paste നെ Thin paste ആക്കുവാൻ ചെയ്യേണ്ടതെന്തു്?

വജ്രപ്പശ നാറ്റമില്ലാതിരിക്കുവാൻ എന്തുചെയ്യണം?

പാഠം 2

കടലാസ്സുകളുടെ തരവും മടക്കും


കടലാസ്സുകളിൽ ഫൂൾസ്കേപ്പ് (Foolscap) ക്രൌൺ (Crown) ഡമ്മി (Demy) റോയൽ (Royal) എന്നിങ്ങിനെ വിവിധ വലുപ്പത്തിലുണ്ട്. ഇവയുടെ വലുപ്പം യഥാക്രമം $17'' \times 13\frac{1}{2}''$; $20 \times 15''$; $22\frac{1}{2}'' \times 17\frac{1}{2}''$; $25'' \times 20''$ എന്നിങ്ങിനെയാണ്.



ഇതിനുപുറമെ ഇംപീരിയൽ എന്ന ഒരുതരവും കൂടിയുണ്ട്. ഇതു് സാധാരണയായി ഉപയോഗിക്കാത്തതിനാൽ അതിനെപ്പറ്റി പറയുന്നില്ല.

മടക്കൽ:—(Folding)


ഒരു പുസ്തകത്തിന്റെ ആദ്യത്തെ ജോലിയാണു് മടക്കൽ. മടക്കൽ നിസ്സാരമാണെങ്കിലും ഏറ്റവും ശ്രദ്ധിക്കേണ്ടതുണ്ടു്.



ഒരു കടലാസ്സു് മടക്കുമ്പോൾ മടക്കേണ്ട ഭാഗം മടക്കുന്നാളുടെ മുൻഭാഗത്തുവെച്ചു് രണ്ടുതലയും ഒരുമിച്ചുചേർത്തു് മടക്കണം. മടക്കിയഭാഗം ഉഴിയുന്ന കോൽ (Folder)കൊണ്ടു് അമർത്തി ഉഴിയണം. ഇപ്രകാരം ഒരു മടക്കുകൊണ്ടു രണ്ടു ഏടായാൽ അരപ്പായ (Folio); രണ്ടുമടക്കുകൊണ്ടു് നാലു് ഏടായാൽ കാൽപ്പായ (Quartro); മൂന്നുമടക്കുകൊണ്ടു് എട്ടു് ഏടായാൽ അരക്കാൽപായ (Octavo); നാലുമടക്കുകൊണ്ടു മഹാണി (Sixteen mo) എന്നും പായുന്ന ഇവയെ എളുപ്പത്തിൽ

BINDER'S MARK.

മടക്കിയ ഫോറങ്ങളുടെ പിൻവശം കവത്ത അടയാളം ഇട്ടിട്ടുണ്ടായിരിക്കും ഇതിനെയാണ് Binder's Mark എന്നു പറയുന്നതു്. ഗെതറിങ്ങ് കഴിഞ്ഞ ഒരു പുസ്തകത്തിന്റെ പിൻവശം നോക്കിയാൽ കോണിപ്പടിപോലെ ഒന്നിനു താഴെ ഒന്നായി Binder's Mark കാണം. ഏതെങ്കിലും ഒരു സെക്ഷൻ വിട്ടുപോയാൽ എളുപ്പം മനസ്സിലാക്കുവാൻ ഈ Binder's മാർക്കുകൊണ്ടു സാധിക്കുന്നു. ചിത്രം നോക്കി ആകൃതി മനസ്സിലാക്കുക.



ന്നതിനു കൂട്ടിച്ചേർക്കൽ (Gathering) എന്നു പേർ.

കൂട്ടിച്ചേർക്കുന്ന വിധം:

പുസ്തകം കൂട്ടിച്ചേർക്കുമ്പോൾ അവസാനത്തെ ഫോറം ആദ്യമെടുത്തു് പിന്നീടു് ക്രമപ്രകാരം മേലോട്ടു്മേലോട്ടുള്ള ഫോറങ്ങളും ചേർത്തു അവസാനം ഒന്നാമത്തെ ഫോറം മുകളിൽ വരും.

ഉദാ: — A മുതൽ Z വരെ 26 ഫോറങ്ങളുള്ള പുസ്തകമാണെങ്കിൽ ആദ്യം Z ഉം പിന്നീടു് Y, X, W, എന്നിപ്രകാരം മുകളിൽ വെച്ചാൽ മുകളിൽ A വരും. ഇതുപോലെ Signature അക്കങ്ങളായി കൂട്ടിയിട്ടുള്ള ഫോറങ്ങളാണെങ്കിൽ 26, 25, 24, 23 എന്നപ്രകാരമാണെങ്കിൽ മുകളിൽ 1വരും. ഇതേപ്പോലെ മറവുള്ള അടയാളങ്ങളും കണ്ടാലും ചെയ്തുകൊള്ളണം. കൂട്ടിച്ചേർത്തു കഴിയുന്നതോടുകൂടി പുസ്തകത്തിന്റെ ഏകദേശരൂപമായി.

മേല്പറഞ്ഞതു മടക്കിയ ഫോറങ്ങളെപ്പറ്റിയാണു്. എന്നാൽ മടക്കില്ലാത്ത ഒറ്റ ഷീറ്റുകളും പുസ്തകത്തിൽ വന്നേക്കാം. ഇങ്ങിനെ വന്നാൽ അതാതു സ്ഥലങ്ങളിൽ ഒട്ടിച്ചുകൊടുക്കുകതന്നെ ചെയ്യണം. ഇതിനു് ടിപ്പിങ്ങു് ഇൻ (Tipping in) അല്ലെങ്കിൽ പേസ്റ്റിങ്ങു് ഇൻ (Pasting in) എന്നു പറയുന്നു.

ഇങ്ങിനെ ഒട്ടിക്കുന്ന ഒറ്റ കടലാസ്സിന്റെ കനവും നീളവും അനുസരിച്ചു അര ഇഞ്ചു് വീതിയിൽ എടുത്തു ആദ്യഭാഗത്തു ഒട്ടിച്ചു അടുത്ത ഫോറത്തോടുകൂടി ഒട്ടിക്കണം. ഇതിനാണു് ഗാർഡിങ്ങു് (Guarding) എന്നു് പറയുന്നതു്.

ചോദ്യം:

സിഗ്നേച്ചറിന്റെ ആവശ്യമെന്തു്?

Gathering എന്നാലെന്തു്?

Guarding എന്നാലെന്തു്?

പാഠം 4

ഒത്തുനോക്കൽ (Collatting)

ഇങ്ങനെ പുസ്തകരൂപത്തിലാക്കിയ ഫോറങ്ങളെ (Signature) പ്രകാരം ശരിയാണൊ എന്നു പരിശോധിക്കേണ്ടതുണ്ട്.

പരിശോധിക്കുന്ന വിധം:

പുസ്തകങ്ങളെ ഓരോന്നായെടുത്തു മുകൾഭാഗം ഇടത്തുവശത്തു വരത്തക്കവണ്ണം വെച്ചു ഇടത്തുകൈകൊണ്ടമർത്തി വലത്തുകയ്യുടെ പെരുവിരൽകൊണ്ടു ഫോറങ്ങളെ മറിച്ചു (Signature) പ്രകാരം വഴിക്കുവഴിക്കുണ്ടോ എന്നു പരിശോധിക്കാം. ഇതിനു ഒത്തുനോക്കൽ (Collatting) എന്നുപേർ.

ചോദ്യം:—

Collatting ചെയ്യുന്ന വിധം പറയുക.

പാഠം 5

കനം കൂറക്കൽ (Pressing up)

ഒത്തുനോക്കി ചെയ്തു ശരിയാക്കിവെച്ചിട്ടുള്ള പുസ്തകങ്ങളെ ഉലക്കാതേയും, ഫോറങ്ങൾ തെറ്റാതേയും, പ്രസ്സ് ചെയ്തു (Pressing) കനം കൂറക്കണം.

പാഠം 6

അടയാളപ്പെടുത്തൽ (Marking up)

പ്രസ്സ് ചെയ്ത പുസ്തകങ്ങളുടെ പിൻഭാഗം അതായത് മടക്കിയ ഭാഗത്തുനിന്നു രണ്ടു സെൻറീമീറ്റർ തള്ളി ഫോറങ്ങളും നീങ്ങാതെ പിൻവശം കാണത്തക്ക നിലയിൽ ഓരോ പലകവെച്ചു അമർത്തുക. പുസ്തകത്തിന്റെ നീളം അനുസരിച്ചു നാലോ അഞ്ചോ ആയി ഭാഗിച്ചു പെൻസിൽകൊണ്ടു അടയാളപ്പെടുത്തണം. ഇതിനാണു (Marking up) എന്നു പറയുന്നതു.

Marking up ചെയ്യുമ്പോൾ പുസ്തകത്തിന്റെ രണ്ടുഭാഗത്തു ഓരോ ഇഞ്ചു തള്ളി ആദ്യം Mark ചെയ്യണം. മറുള്ളവ സമമായി ഭാഗിക്കാം.

പാഠം 7

അറക്കൽ SAWING UP

ഇങ്ങിനെ അടയാളപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ചെറിയ വാളുകൊണ്ടു 1സെ. മീ ആഴത്തിൽ അറക്കണം. രണ്ടോറങ്ങളിലുള്ളതൊഴിച്ചു മറുള്ള ഉൾഭാഗം വീതി കൂട്ടത്തക്കവിധത്തിൽ വാളം ഇടത്തോട്ടും വലത്തോട്ടും സ്വല്പം ചരിച്ചറക്കുകയും വേണം. അറക്കുമ്പോൾ യാതൊരു കാരണത്താലും ആഴവും വീതിയും അധികമാവരുതു. കൂടിയാൽ കെട്ടുകൾ അഴയുകയും പശ ഉള്ളിൽ കടന്നു പേജുകൾ വൃത്തികേടാകുകയും ചെയ്യും. അതിനാൽ സൂക്ഷ്മതയോടെ വേണം അറക്കുന്നതു.

ചോദ്യം:—അറക്കുമ്പോൾ ക്രമത്തിലധികമായാലുള്ള ദോഷമെന്തു?

പാഠം 8

തുന്നൽ SEWING

തുന്നലിൽ നോൺ ഫ്ളക്സിബ്ൾ സ്വീയിങ്ങ് (Non-flexible Sewing) ഫ്ളക്സിബ്ൾ സ്വീയിങ്ങ് flexible sewing ടേപ്പ് സ്വീയിങ്ങ് (Tape Sewing) സിംബ്ൾ സ്റ്റിച്ചിങ്ങ് (Simple Stitching) ഓവർ കാസ്റ്റ് സ്വീയിങ്ങ് (Overcast) sewing) എന്നിങ്ങനെ പലവിധത്തിലുണ്ട്.

NON FLEXIBLE & FLEXIBLE SEWING

അവയ്ക്കുവെച്ചിട്ടുള്ള ഫോറങ്ങളെ ഓരോന്നായെടുത്തു പിന്നിൽ വെക്കുന്ന ചരടുകൾ അവയിട്ടുള്ള ചാലുകളിൽ ഒളിഞ്ഞിരിക്കത്തക്കവണ്ണം തുന്നുന്നതിനു് (Non flexible Sewing) എന്നും, അവക്കാതെ ചരടുവെച്ചു തുന്നുന്നതിനു് (flexible sewing) എന്നും പറയുന്നു.

തുന്നുന്ന വിധം:

അവയുടെ പുസ്തകത്തിന്റെ ഒന്നാമത്തെ ഫോറം എടുത്തു് പുറകിൽനിന്നു് ഒന്നാമത്തെ ചാലിൽക്കൂടി സൂചി ഉള്ളിലോട്ടു് തള്ളി രണ്ടാമത്തെ ചാലിൽക്കൂടി പുറത്തേക്കെടുത്തു വീണ്ടും ആ ചാലിൽക്കൂടി അകത്തേക്കു തള്ളുമ്പോൾ നൂലിന്റെ പിൻഭാഗം കുഴൽമാതിരിയിരിക്കും. അതിൽക്കൂടി ചരടുവെച്ചു വലിച്ചാൽ ചരടു് ചാലിൽ ഒളിഞ്ഞിരിക്കും. വീണ്ടും മൂന്നാമത്തെ ചാലിൽക്കൂടി പുറത്തേക്കെടുത്തു ആ ചാലിൽക്കൂടിതന്നെ അകത്തേയ്ക്കുതള്ളുമ്പോൾ പിൻഭാഗം കുഴൽപോലെയിരിക്കുകയും അതിൽക്കൂടി ചരടുവെച്ചു വലിച്ചാൽ മുൻപോലെ ചാലിൽ ഒളിഞ്ഞിരിക്കും. ഇങ്ങിനെ എല്ലാ

ചാലുകളിലും ചെയ്തശേഷം അവസാനത്തെ ചാലിൽകൂടി സൂചി പുറത്തേക്കെടുത്തു് മുറിക്കണം. (ഇപ്രകാരം ചെയ്യുമ്പോൾ നൂലും ചരടും ചുറ്റിപ്പിണയാതെ സൂക്ഷിക്കണം. നൂൽ വലിച്ചുമുറുക്കുമ്പോൾ ചാലിന്റെ രണ്ടു ഓരങ്ങളും, ഫോൾഡർ (folder) കൊണ്ടു അമർത്തുകയും ഫോറത്തെ ഉഴിഞ്ഞുനിവർത്തുകയും വേണം) അതിന്റെ മുകളിൽ രണ്ടാമത്തെ ഫോറംവെച്ചു് അവസാനത്തെ ചാലിൽകൂടി അകത്തേക്കു തള്ളി മുൻചെയ്തതുപോലെ ചെയ്തു ഒന്നാമത്തെ ചാലിൽക്കൂടി പുറത്തേക്കെടുത്തു് ആദ്യഫോറത്തിന്റെ ആരംഭത്തോടുകൂടി വലിച്ചുകെട്ടുക. പിന്നീടു് മൂന്നാമത്തെ ഫോറം വെച്ചു ഒന്നും രണ്ടും ഫോറങ്ങളിൽ ചെയ്തതുപോലെ ചരടു ചാലിൽ ഒളിഞ്ഞിരിക്കത്തക്കവണ്ണം ചെയ്തു അവസാനത്തെ ചാലിൽകൂടി പുറത്തേക്കെടുത്തു ഒന്നും രണ്ടും ഫോറങ്ങളുടെ അവസാനത്തെ നൂലിന്റെ ഇടയിൽകൂടി സൂചിയെടുത്തു് നൂൽ സൂചിയിൽ ഒരു ചുറ്റുചുറ്റി വലിച്ചാൽ കെട്ടുവീഴും. ഇങ്ങിനെ എത്ര ഫോറങ്ങളും വേണമെങ്കിലും തുന്നാം

Kettel Stitch:

ഇങ്ങനെ ആദ്യത്തേയും അവസാനത്തേയും ചാലിൽ കെട്ടുമ്പോൾ കെട്ടുകൾ ചങ്ങലപോലെയിരിക്കും ഇതിനു് കെറ്റൽ സ്റ്റിച്ചു് (kettel stitch) എന്നുപറയുന്നു

All allong Sewing:

ഇപ്രകാരം ഒരു (kettel stitch)ൽനിന്നു മറ്റൊരു (kettel stitch)ലേക്കു തുന്നുന്ന ക്രമത്തിനാണു് ആം എലോങ്ങു് സ്വീയിങ്ങു് (All along sewing) എന്നു പറയുന്നതു്.

തുന്നുമ്പോൾ നൂൽ തീർന്നാൽ സാധാരണകെട്ടുന്നതുപോലെ കെട്ടരുതു്. നൂലുകളുടെ രണ്ടറ്റവും യോജിപ്പിച്ചു പിടിച്ചു സൂ

ചിയെ നൂലിനു വിലങ്ങനെ വെച്ചു സൂചിയുടെ മേൽഭാഗത്തുകൂടി നൂൽ മടക്കി സൂചിയെ മുന്നു പ്രാവശ്യം ചുറ്റി മുൻപോട്ടു വലിച്ചാൽ കെട്ടുവീഴും. കെട്ടുവീണതിനുശേഷമെ നൂലിന്റെ അറ്റം കയ്യിൽനിന്നു വിടാവൂ. ഇങ്ങിനെയുള്ള കെട്ട് രണ്ടു ചാലുകളുടെ മദ്ധ്യത്തിലായി വരണം.

പുസ്തകത്തിന്റെ പിന്നിൽവെക്കുന്ന ചരട് പുസ്തകത്തിന്റെ രണ്ടുഭാഗവും ഓരോ ഇഞ്ചുവീതം കൂടുതലുണ്ടായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അച്ചടിച്ച ഫോറങ്ങളാണെങ്കിൽ ഫോറങ്ങൾ മറച്ചുവെച്ച് തുന്നണം. ഉദാഹരണമായി 15 ഫോറങ്ങളുള്ള ഒരു പുസ്തകമാണെങ്കിൽ 15, 14, 13, 12 എന്നിങ്ങനെ ആദ്യമാദ്യം തുന്നേണ്ടിവരും

Two along sewing:

നൂൽ ആദ്യത്തെ ഫോറത്തിന്റെ ഒന്നാമത്തെ ചാലിൽകൂടി അകത്തേക്കു തള്ളി, രണ്ടാമത്തെ ചാലിൽകൂടി പുറത്തേക്കെടുത്തു് രണ്ടാമത്തെ ഫോറംവെച്ചു് അതിന്റെ ചാലിൽകൂടി ചരടിനെ ചുറ്റി അകത്തേക്കു തള്ളുകയും മൂന്നാമത്തെ ചാലിൽകൂടി പുറത്തേക്കെടുത്തു് ആദ്യഫോറത്തിന്റെ മൂന്നാമത്തെ ചാലിൽകൂടി അകത്തേക്കുതള്ളി നാലാമത്തെ ചാലിൽകൂടി പുറത്തേക്കെടുക്കുകയും, രണ്ടാമത്തെ ഫോറത്തിന്റെ നാലാമത്തെ ചാലിൽകൂടി അകത്തേക്കുതള്ളി അഞ്ചാമത്തെ ചാലിൽകൂടി പുറത്തേക്കെടുക്കുകയും ചെയ്യുക. പിന്നീടു് മൂന്നാമത്തെ ഫോറംവെച്ചു് അതിന്റെ അഞ്ചാമത്തെ ചാലിൽകൂടി അകത്തേക്കുതള്ളി നാലാമത്തെതിൽകൂടി പുറത്തേക്കെടുക്കുകയും, നാലാമത്തെ ഫോറംവെച്ചു് അതിന്റെ നാലാമത്തെതിൽകൂടി അകത്തേക്കുതള്ളി മൂന്നാമത്തെതിൽകൂടി പുറത്തേക്കെ

ടുക്കുകയും, മൂന്നാമത്തെ ഫോറത്തിന്റെ മൂന്നാത്തെ ചാലിൽക്കൂടി അകത്തേക്കുതള്ളി രണ്ടാമത്തേതിൽക്കൂടി പുറത്തേക്കെടുത്തു് നാലാം ഫോറത്തിന്റെ രണ്ടാമത്തേതിൽക്കൂടി അകത്തേക്കുതള്ളി ഒന്നാമത്തേതിൽക്കൂടി പുറത്തേക്കെടുത്തു് ആരംഭത്തുലിനോടുകൂടി കെട്ടുക. ഇപ്രകാരം മറവള്ളവയും ചെയ്യാം. എന്നാൽ ആദ്യവും അവസാനവുമുള്ള ഓരോ ഫോറങ്ങളും all along sewing പ്രകാരം തുന്നണം.

മേൽ വിവരിച്ച ക്രമം അഞ്ചു് സോ കർഫ് (saw kerf) ഉള്ള പുസ്തകത്തിന്റേതാണു്. ഇപ്രകാരം എത്ര ചാലുകളുണ്ടെങ്കിലും (saw kerf) യുക്തിപൂർവ്വം ചെയ്തുകൊള്ളണം.

ടേപ്പ് സ്വീയിങ്ങ് TAPE SEWING

പുസ്തകത്തിന്റെ പിൻവശം വെക്കുന്ന ചരടിനുപകരം പുസ്തകത്തിന്റെ വലുപ്പമനുസരിച്ചു ഒരിഞ്ചുമുതൽ ഒന്നര ഇഞ്ചുവരെ വീതിയുള്ള നാടയോ, തോലോ, കാലിക്കോ, തുണിയോ ഉപയോഗിച്ചു് തുന്നിയാൽ ടേപ്പ് സ്വീയിങ്ങ് ആയി. എന്നാൽ ചരടുവെക്കാൻ ഒരേചാലിൽക്കൂടി എടുക്കുന്ന നൂലിനുപകരം, നാടയുടെ ഒരുവശത്തുകൂടി എടുക്കുന്ന സൂചി നൂൽ നാടയുടെ പുറകിൽ വരത്തക്കവണ്ണം അകത്തേക്കുതള്ളണം. അതുകൊണ്ടു് നാടയുടെ രണ്ടുവശത്തും സൊ കർഫ് (saw kerf) ചെയ്യണം. ഇപ്രകാരം ടേപ്പ് സ്വീയിങ്ങ് ചെയ്യുമ്പോൾ നാട മുളിയാനോ, നാടയിൽക്കൂടി സൂചിയെടുക്കാനോ പാടില്ല.

ഇങ്ങിനെ പുസ്തകത്തിന്റെ പിൻവശംവെക്കുന്ന ടേപ്പിനോ ചരടിനോ ബേൻഡ്സ് (Bands) എന്നു പറയുന്നു.

സേഡൽ സ്റ്റിച്ചിങ്ങ് OR സിമ്പിൽ സ്റ്റിച്ചിങ്ങ്

SADDEL STITCHIG OR SIMPLE STITCHING

മേൽ കാണിച്ച തുന്നലുകളും എല്ലാംതന്നെ ഒന്നിലധികം ഫോറങ്ങളുള്ള പുസ്തകങ്ങളാണ്. എന്നാൽ ഒറ്റഫോറങ്ങളുള്ളതിനും ഇങ്ങിനെ തുന്നേണ്ടതില്ല.

സാധാരണ എക്സയിസ്സ് നോട്ടുബുക്കുകളും മറ്റും ഫോറങ്ങളുടെ മദ്ധ്യത്തിൽ തിരുകി (Bodkin) കൊണ്ട് ചാരങ്ങളുണ്ടാക്കിയാണ് തുന്നുന്നതു്. ഇതിനു സേഡൽ സ്റ്റിച്ചിങ്ങ് അല്ലെങ്കിൽ സിമ്പിൾ സ്റ്റിച്ചിങ്ങ് (Saddel sitching or Simple Stitching) എന്നു പറയുന്നു.

അതുപോലെ ഒറ്റ ഷീറ്റുകളായി വരുന്നവ. പാഠപുസ്തകം മുതലായവ മുകളിൽ ചാരങ്ങളുണ്ടാക്കി തുന്നുന്നുണ്ട്. ഇതിനു ഹോൾ സ്റ്റിച്ചിങ്ങ് (Hole Stitching) എന്നും പറഞ്ഞുവരുന്നു.

തുന്നുന്ന വിധം:

ഉദ്ദേശം മൂന്നു ചാരങ്ങളുള്ള പുസ്തകങ്ങളാണെങ്കിൽ ആദ്യം മദ്ധ്യത്തിലുള്ള ചാരത്തിൽകൂടി സൂചി പുറത്തേയ്ക്കെടുത്തു രണ്ടാമത്തു മൂന്നാമത്തെ ചാരത്തിൽകൂടി അകത്തേയ്ക്കെടുക്കുകയും പിന്നീട് ഒന്നാമത്തെ ചാരത്തിൽകൂടി പുറത്തേക്കെടുക്കുകയും വീണ്ടും മദ്ധ്യത്തിലുള്ള ചാരത്തിൽകൂടി അകത്തേക്കെടുത്തു് ആരംഭത്തോടിനോട്ടുകൂടി കെട്ടുക.

കെട്ടുന്ന വിധം:

മദ്ധ്യത്തിലുള്ള ചോരത്തിൽക്കൂടി രണ്ടാമതെടുക്കുന്ന സൂചിയോടുകൂടിയ നൂൽ രണ്ടു് വിരലിന്മേൽ ചുറ്റി ആരംഭനൂലിന്റെ അറ്റം ആ രണ്ടു വിരലുകൊണ്ടു പിടിച്ചു് സൂചിയോടുകൂടിയ നൂൽ വലിക്കുക അപ്പോൾ കെട്ടു വീഴും. ഇങ്ങിനെ രണ്ടു പ്രാവശ്യം കെട്ടണം. കെട്ടുമ്പോൾ മൂന്നാമത്തെ ചോരത്തിൽനിന്നു ഒന്നാമത്തെ ചോരത്തിലേയ്ക്കുടുക്കുന്ന നീണ്ട നൂൽ ആരംഭനൂലിന്റെയും അവസാനനൂലിന്റെയും മദ്ധ്യത്തിൽക്കൂടിയായിരിക്കണം എടുക്കേണ്ടതു്. അതായതു് ഒന്നാമത്തെ ചോരവും മൂന്നാമത്തെ ചോരവും യോജിപ്പിക്കുന്ന നീണ്ട നൂലിന്റെ രണ്ടു ഭാഗങ്ങളിൽ കൂടിയായിരിക്കണം ആരംഭനൂലും അവസാനനൂലും എടുക്കേണ്ടതു്. എങ്കിൽ മാത്രമേ പുസ്തകത്തിനു് ഉറപ്പുണ്ടാവുകയുള്ളു.

ഓവർ കാസ്റ്റ് സ്പീയിങ്ങ്

OVER CAST SEWING

ഒറ്റ ഷീറ്റുകളോ, പിൻവശം മടക്കില്ലാത്തതോ ആയ പുസ്തകങ്ങൾ ബൈൻഡ് ചെയ്യാൻ ഈ വിധം നൂൽ ഉപയോഗിക്കുന്നു ഇതു രണ്ടുവിധത്തിൽ നൂന്നാം.

ഒന്നു്

ഒറ്റഷീറ്റുകളും ക്രമപ്രകാരം അടുക്കിവെച്ചതിനു ശേഷം 2 സെ. മീ. തള്ളി രണ്ടുവശവും പലകവെച്ചു അമത്തി പിൻവശം വഞ്ചുപുള കേക്കുക ഉണങ്ങിയശേഷം 2 സെ. മീ. തള്ളി അര ഇഞ്ചു് ഇടവിട്ടു് തുളയുണ്ടാക്കുക. പിന്നീടു് മുകളിൽനിന്നു കീഴ്പോട്ടായി ഈ തുളയിൽക്കൂടി നൂനി വീണ്ടും ആ ചോരത്തിൽക്കൂടി പൂർവ്വസ്ഥാനത്തെത്തി ആരംഭനൂലിനോടുകൂടി കെട്ടുക. ഇതുപോലെ എല്ലാ സെക്ഷനും നൂന്നുക.

രണ്ട്

മൻപു ചെയ്തതുപോലെ വജ്രപ്പശ തേച്ചു ഉണങ്ങിയതിന്നു ശേഷം നോൺ എക്സിബിഷൻ സ്പീയിങ്ങിന്നു് അരത്തുപോലെ അറക്കണം. (saw Kerf) അതിന്നുശേഷം പുസ്തകത്തിന്റെ വലുപ്പ മനുസരിച്ചു പതിനാറോ, കൂടുതൽ ഷീറ്റുകളായോ സെക്ഷൻ തിരിച്ചു ഓരോ സെക്ഷന്റേയും ആദ്യത്തെ (saw kerf)ന്റെ വലത്തുവശത്തും അവസാനത്തിന്റെ ഇടത്തുവശത്തും മറവുള്ളതിന്നു രണ്ടു വശങ്ങളിലും രണ്ടു സെന്റിമീറ്റർ വിട്ടു ബോഡ്കിൻ കൊണ്ടു തുളക്കുക. നൂൽ ആദ്യഭാഗത്തിൽക്കൂടി മേലോട്ടെടുത്തു് സെക്ഷനെ ഒരു പ്രാവശ്യം മുറുക്കണം. മൂന്നാമത്തെ ദ്വാരത്തിലും അപ്രകാരം ചെയ്യുക. അങ്ങിനെ എല്ലാ ദ്വാരങ്ങളിലും ചെയ്തശേഷം അവസാനത്തെ ദ്വാരത്തിൽക്കൂടി സൂചി മേലോട്ടെടുത്തു് നൂലിനെ സൂചിമേൽ രണ്ടു പ്രാവശ്യം ചുറ്റി വലിച്ചുകെട്ടി നൂലിനെ $\frac{1}{4}$ ഇഞ്ചു് നിറുത്തി മുറിക്കണം. ഇങ്ങിനെ എല്ലാ സെക്ഷനും തീർന്ന ശേഷം നോൺ ഫള്ക്സിബിൾപോലെ തുന്നുക എന്നാൽ ഓരോ സെക്ഷനും തുന്നുമ്പോൾ പശതേച്ചു അടുത്ത സെക്ഷനോടു ഒട്ടിച്ചതിന്നുശേഷം മാത്രമേ തുന്നാവൂ.

കെറൽ സ്റ്റിച്ചു് (KETTLE STITCH)

പുസ്തകങ്ങളും തുന്നുമ്പോൾ പുസ്തകത്തിന്റെ മുകൾഭാഗവും അടിഭാഗവും അതായതു് ആദ്യത്തെയും സോകർഫിൽ (saw kerf) നൂൽ ഫോറങ്ങളുടെ ഇടയിൽക്കൂടി എടുത്തു് കെട്ടിട്ടു് തുന്നുന്നതിനു Kettle Stitch എന്നു പറയുന്നു ഇതിനു കേച്ചു് അപ് സ്റ്റിച്ചു് (catch up Stitch) എന്നുകൂടി പേരുണ്ടു്. ഹോൾ സ്റ്റിച്ചു് (Hole Stitch) നും, സേഡൽ (Saddle) സ്റ്റിച്ചിനും കെറൽസ്റ്റിച്ചു് ബാധകമല്ല

ചോദ്യം:-

നോൺ ഫ്ളക്സിബിൾ സ്പീയിങ്ങും തമ്മിലുള്ള വ്യത്യാസമെന്ത്?

ഓപ്പം എലോങ്ങ് എന്നാലെന്ത്?

ബേൻറ്സ് (Bands) എന്നാലെന്ത്?

ഏതിനാണ് കെറ്റൽ സ്റ്റിച്ച് എന്നു പറയുന്നത്.

പാഠം 9

നോക്കിങ്ങ് അപ്പ് (KNOWKING UP)

തുന്നിയ പുസ്തകങ്ങളുടെ പിൻവശം നൂലുകളെ തടിച്ചിരിക്കുവാനിടയുണ്ട്. അങ്ങിനെ വന്നാൽ നൂലുകൾ അറിയപോകാത്ത വിധത്തിൽ ചുറ്റികകൊണ്ട് പതുക്കെ അടിക്കുക. അപ്പോൾ നൂൽ പരന്നിരിക്കും. ഇതിനു നോക്കിങ്ങ് അപ്പ് (Knowking up) എന്നു പറയുന്നു.

പാഠം 10

എൻറ് പേപ്പർ അല്ലെങ്കിൽ സൈഡ് പേപ്പർ
END PAPER OR SIDE PAPER

ഒരു കട്ടിയുള്ള കടലാസ്സ് പുസ്തകത്തിൻെറ ഇരട്ടിവലുപ്പത്തിൽ എടുത്തു രണ്ടാക്കി മടക്കി, പുസ്തകത്തിൻെറ രണ്ടു ഭാഗവും അവസാനത്തെ കടലാസ്സിനോട് സമമായി $\frac{1}{8}$ ഇഞ്ച് പശതേച്ച്

ചുളിയാതെ ഒട്ടിക്കുക. ഒട്ടിക്കുമ്പോഴും പിൻവശത്തുള്ള ചരടുകളും End Papper ന്റെ മുകളിൽ വരേണ്ടതാണു്.

വലിയ ലഡ്ജറും മറ്റും ബൈൻഡ് ചെയ്യുമ്പോഴും എൻഡ് പേപ്പറിനു അധികം ബലം ആവശ്യമാണു്. അതിനു മദ്ധ്യത്തിൽ ഒരിഞ്ചുവീതിയിൽതുണിഒട്ടിക്കണം. അതിനുശേഷം ഫേൻസി പേപ്പറോ, മാർബിൾ പേപ്പറോ, നടുവിലൊട്ടിച്ച തുണി 8 സെ. മീ വെളിയിൽ കാണത്തക്കവിധം എൻഡ് പേപ്പറിന്റെ വലുപ്പത്തിൽ ഒട്ടിക്കുക ഇതിനു് ക്ലോത്തു് ജോയിൻഡ് എൻഡ് പേപ്പർ (cloth joint end paper) എന്നുപറയുന്നു.



പാഠം 11

വജ്രപ്പുശയിടൽ (Gluing up)

എൻഡ് പേപ്പർ ഒട്ടിച്ചതിനുശേഷം എല്ലാ സെക്ഷനുകളുടേയും ഇടയിൽ ആകൃതക്കവിധത്തിലും എന്നാൽ മാരങ്ങളിലും (Head and Tail) എൻഡ് പേപ്പറിന്റെ മീതേയും ആകൃതക്കവിധത്തിൽ പുസ്തകത്തിന്റെ പിൻവശം വജ്രപ്പുശ തേക്കുക.

ഓരോ പുസ്തകമായും പുസ്തകങ്ങളും കൂട്ടിവെച്ചും ഗ്ളയിംങ്ങ് അപ്പ് ചെയ്യാം. ഗ്ളയിങ്ങ് അപ്പ് ചെയ്യുന്നതുകൊണ്ടു് സെക്ഷനുകളും ഒന്നിനോടൊന്നു് ഒട്ടുകയും, തുന്നലുകളും ഇളകാതിരിക്കുകയും ചെയ്യും.

പാഠം 12

കട്ടിംഗ് (Cutting)

പുസ്തകങ്ങളുടെ അരുഭാഗം വെട്ടുവാൻ സാധാരണയായി ഗില്ലറിൻ (guillotine) മിഷ്യനും, പ്ലൌഘ്രസ്സും (plough press) ഉപയോഗിക്കുന്നു.

GUILLOTINE MECHINE:

ഈ മിഷ്യൻകൊണ്ട് പുസ്തകങ്ങളെ വേഗത്തിൽ വെട്ടുവാൻ സാധിക്കും.

പുസ്തകത്തിന്റെ വൃത്തിക്കും, അച്ചടിച്ചതാണെങ്കിൽ വെള്ളയ്ക്കും (side space) അനുസരിച്ചു വെട്ടേണ്ടുന്ന ഭാഗം അടയാളപ്പെടുത്തി പുസ്തകത്തിന്റെ അടിയിലും മുകളിലും ബോഡുവെച്ച് മുകളിൽ കാണുന്ന ചക്രം തിരിച്ചാൽ മുറുകിനില്ക്കും. അതിനുശേഷം വലിയ ചക്രം തിരിച്ചാൽ കത്തി താഴുകയും പുസ്തകം മുറിയുകയും ചെയ്യും.

പുസ്തകം മിഷ്യനിൽവെച്ച് മിഷ്യന്റെ പിൻഭാഗത്തുള്ള മട്ടത്തെ, മുൻഭാഗത്തുകാണുന്ന ഹേൻറൽ (Handle) വലത്തോട്ടതിരിച്ചാൽ അടുക്കുകയും ഇടത്തോട്ടതിരിച്ചാൽ അകലുകയും ചെയ്യും. വെട്ടേണ്ടുന്ന ഭാഗത്തിന്റെ എതിർവശം ഈ മട്ടത്തോട് മുട്ടിച്ച് ഇഷ്ടാനുസരണം നീക്കുക.

മിഷ്യന്റെ പിൻഭാഗത്തു് പ്ലെയിററിന്മേൽ വിലങ്ങനെയുള്ള ഇരുമ്പുകട്ടക്കാണു് മട്ടം എന്നു പറയുന്നതു്.

ഒരുപുസ്തകം സമചതുരാകൃതിയിലല്ലാതെ വെട്ടിയാൽ ഔട്ട് ഓഫ് ട്രൂത്തു് (out of truth) എന്നും, കണക്കിലധികം വെട്ടിയാൽ ക്രോപ്പ്ഡ് (cropped) എന്നും മുകളിൽനിന്നു് കീഴ്പോട്ടു വെട്ടിയാൽ (cut down) എന്നും, മുകളിലേക്കു വെട്ടിയാൽ കട്ട് അപ് (cut up) എന്നും, അക്ഷരങ്ങളുടെ അററവുംകൂടി വെട്ടിപ്പോയെങ്കിൽ (Bleed) എന്നും പറയുന്നു.

ഒരു പുസ്തകം വെട്ടുമ്പോൾ ആദ്യം മുൻഭാഗവും (Fore Edge) അതായതു് ഉന്നലിന്റെ എതിർവശവും, പിന്നെ കീഴ്ഭാഗവും (Tail) മൂന്നാമതായി മുകൾഭാഗവും (Head) വെട്ടുന്നു.

സാധാരണയായി അരപ്പായ (Folio) വലുപ്പത്തിലുള്ള പുസ്തകമാണെങ്കിൽ മൂന്നു ഭാഗവും അര ഇഞ്ചു് വീതവും, കാൽപ്പായ (Quarter) വലുപ്പത്തിലുള്ളതാണെങ്കിൽ മുൻഭാഗം $\frac{1}{4}$ ഇഞ്ചും മറ്റു രണ്ടുഭാഗങ്ങളും $\frac{1}{2}$ ഇഞ്ചുവീതവും, (Ocotovo) ആണെങ്കിൽ മൂന്നു ഭാഗവും കാൽ ഇഞ്ചുവീതവും, (sixteen mo) ആണെങ്കിൽ (Fore Edge) $\frac{1}{8}$ ഇഞ്ചും Head and Tail കാൽ ഇഞ്ചുവീതവും വെട്ടുന്നു.

പ്ലൌപ്രസ്സു് (Plough Press)

പഴയ കാലങ്ങളിൽ കടലാസിനു ഉപയോഗിച്ചിരുന്നതാണു്. എന്നാൽ മുഴുവൻ യന്ത്രമയമായിരിക്കുന്ന ഇക്കാലത്തു് ആരും ഉപയോഗിക്കാത്തതിനാൽ വിവരിക്കുന്നില്ല. ഉപയോഗിച്ചാൽ വൃത്തിക്കുറവും ബുദ്ധിമുട്ടും ആയിരിക്കും ഫലം.

ചോദ്യം:—

നോക്കിങ്ങു് അപ്പു് (Knowking up) കൊണ്ടുള്ള ഗുണമെന്തു്?

ഒരു ക്ലോത്തു് ജോയിൻഡു് എൻഡു് പേപ്പർ ഉണ്ടാക്കുന്നതെങ്ങിനെ?

ഗ്ളയിങ്ങു് അപ്പിന്റെ ആവശ്യമെന്തു്?

ക്രോപ്പ്ഡു്, ബ്ലീഡു് എന്നാലെന്തു്?

ഒരു പുസ്തകം ഗില്ലറിന്റെ മിഷ്യനിൽ കട്ടു് ചെയ്യുമ്പോൾ നിങ്ങൾ ആദ്യം ചെയ്യുന്നതെന്തു്?

പാഠം 13

പുസ്തകങ്ങളുടെ അരുഭാഗം ഭംഗിപ്പെടുത്തൽ

Edge decrctions or treatment of edges

പുസ്തകങ്ങളുടെ അരുഭാഗം പ്ലെയിൻ കളറിങ്ങ് (Plain Colouring) സ്പ്രിംഗ്ലിങ്ങ് (Sprinkling) മാർബിൾ എഡ്ജ് (Marble Edge) ഗിൽറ്റ് എഡ്ജ് (Guilt Edge) എന്നിങ്ങനെ പലപ്രകാരത്തിലും ഭംഗിപ്പെടുത്തിവരുന്നുണ്ട്.

പ്ലെയിൻ കളറിംഗ് (Plain colouring)

പുസ്തകത്തിന്റെ അരുഭാഗങ്ങളിൽ (തുന്നിയ ഭാഗം ഒഴിച്ചു മൂന്നുഭാഗവും) ഏതെങ്കിലും ഒരു നിറം കൊടുക്കുന്നതിനാണ് പ്ലെയിൻകളറിങ്ങ് എന്നുപറയുന്നത്.

പുസ്തകം ലയിങ്ങ് പ്രസ്സിൽവെച്ചു മുറുക്കി ഓരോ ഭാഗത്തും തയ്യാറാക്കിയ ചായം മേലുകീഴായും ഒരേപ്രകാരത്തിലും ബ്രഷ് കൊണ്ടുവലിക്കുക

സ്പ്രിംഗ്ലിങ്ങ് (Sprinkling)

ഒന്നോ, ഒന്നിലധികമോ വണ്ണങ്ങളെ പുസ്തകത്തിന്റെ അരു ഭാഗങ്ങളിൽ വിചിത്രരീതിയിൽ തളിക്കുന്നതിനു സ്പ്രിംഗ്ലിങ്ങ് എന്നു പറയുന്നു.

സ്പ്രിംഗ്ലിങ്ങ് ചെയ്യുമ്പോൾ കടലാസ്സുകൊണ്ടു വെട്ടിയ ഡിസൈനുകളോ, പേരോ അരുഭാഗത്തുവെച്ചു ഒരു ചായം തെളിച്ചു, ആ ഭാഗത്തെ മറച്ചുകൊണ്ടു രണ്ടാമതൊരു വട്ടവും തെളിച്ചു ഭംഗിപ്പെടുത്തുന്നവരും ഇല്ലാതില്ല.

മാർബിൾ എഡ്ജ് (Marble Edge)

മാർബിൾ എഡ്ജ് ചെയ്യുവാൻ തകിട്കൊണ്ടുള്ള ടോ (Trough); പലതരം ചായങ്ങളും, ഓരോന്നിനും ഓരോ പാത്രങ്ങളും, ബ്രഷുകളും; മാർബിൾ സ്റ്റോൺ (കല്ല്), മുള്ളർ—അമ്മിക്കുഴ—(Muller), പലതരം ചീപ്പുകൾ (Combs), ഓരോ മിനുക്കുചാണകം (Burnisher) മുതലായവ ആവശ്യമാണ്.

നല്ല വെള്ളത്തിൽ ഗോതുപശ (വേപ്പിൻപശ)യിട്ട ഒരു രാത്രി മുഴുവൻ അടച്ചുവച്ചു ഊറിയശേഷം ആവശ്യത്തിനു എടുത്തു കലത്തുക. ഇതിനു ഗം ടാഗൺ (Gum Tragon) എന്നു പറയുന്നു. കലത്തിയശേഷം മസ്ലിൻതുണികൊണ്ടോ, ലിനൻതുണി കൊണ്ടോ അരിച്ചു് ഉപയോഗിക്കുന്നതു് നന്നായിരിക്കും.

1. ചായം തയ്യാറാക്കുമ്പോൾ ചായം മാർബിൾ സ്റ്റോണിന്മേൽ (Marble stone) വെച്ചു ഗം ടാഗനും (Gum Tragon) ചേർത്തു് സുമാർ രണ്ടുമണിക്കൂർസമയം മുള്ളർകൊണ്ടു് അരക്കുക. അരച്ചെടുത്ത ചായം ടോ (Trough) യിൽ ഒഴിച്ചു; കുറച്ചു വെള്ളവും ചേർത്തു് കലക്കി ചായം പാക്കാതെ ഉള്ളിലോട്ടു് താഴുന്നുണ്ടോ എന്നു് പരിശോധിക്കണം. എങ്കിൽ കുറച്ചു ഓക്സ്ഗാൾ (Oxgell) ചേർത്താൽമതി. ഇങ്ങിനെ കലത്തിയശേഷം ബ്രഷുകൊണ്ടു തെളിക്കുക.

2. കടൽപാശി വെള്ളത്തിലിട്ടു തിളപ്പിച്ചു പശപോലെയാക്കി നേരിയ തുണികൊണ്ടു അരിച്ചെടുത്തു് ടോയിൽ ഒഴിക്കുക. ചാരായമോ, സ്പിരിട്ടോ ചേർത്തരച്ച ചായം ടോയിൽ ഒഴിച്ച പശയിൽ തെളിച്ചുനോക്കി താഴുന്നുവെങ്കിൽ പശുവിൻകയ്യു് ചേർത്താൽ പശയുടെ മേൽഭാഗത്തു് പൊന്തിയും, വിരിഞ്ഞും നില്ക്കുകയും ചെയ്യും. പരിശോധനകഴിഞ്ഞശേഷം ടോയിലുള്ള പശ

യിൽ; ഒന്നിനുശേഷം മറെറാന്നു എന്ന പ്രകാരത്തിലും ഒന്നിനോടൊന്നു മുട്ടാതെയും ബ്രഷുകൊണ്ടു വരക്കുക. പ്രത്യേകം തയ്യാറാക്കിയ ചീപ്പുകൊണ്ടു പ്രസ്തുത ചായത്തിൽ വിലങ്ങനെ വലിച്ചാൽ ഭംഗിയുള്ളതും നഖംപോലെയുള്ളതുമായ ഡിസൈനുകളും കിട്ടും. അതിനുശേഷം ചായം മുട്ടുന്നവിധത്തിൽ പുസ്തകത്തിന്റെ അരുഭാഗം ഈ ടോയിൽ മുക്കി വെള്ളത്തിൽ അലുമ്പുക. എടുത്തു നോക്കിയാൽ നല്ല ഡിസൈനുകൾ കാണാം. പുസ്തകം ചായത്തിൽ മുക്കുമ്പോൾ അരുഭാഗം നല്ലപോലെ മൂടിക്കിടക്കണം.

3. തിൻ പേസ്റ്റ് (Thin paste) ടോയിൽ ഒഴിച്ചു ടർപ്പൻടൈൻ ചേർത്തു അരച്ച അച്ചടിമഷി മേൽപ്രകാരം ചെയ്താലും എളുപ്പത്തിൽ ഡിസൈനുകൾ കിട്ടും.

4. വാട്ടർ പൌഡർ വെള്ളത്തിൽ കലക്കി, ടയിൻ (Twine) മുക്കിപ്പിഴിഞ്ഞു അരുകിൽ കുത്തിയും ഭംഗിപ്പെടുത്താം.

Gold Edge or Guilt Edge

ഒരു പാത്രത്തിൽ ബ്ലേക്ക് ലെഡ് (Black lead) ഇട്ടു അതിൽ ഗ്ലയർ (Glaire) ചേർത്തു കലക്കിയാൽ കറുത്ത നിറമുള്ള കുഴമ്പുപോലെയായിത്തീരും. അതിനുശേഷം ഉദ്ദേശിക്കുന്ന നിറംചേർത്തു ബ്രഷുകൊണ്ടു ഒരേപോലെ പൂശുക.

ഗ്ലയർ ചേർത്തു ആറിവരുമ്പോൾ തങ്കക്കടലാസ്സ് (Gold leaf) ഒട്ടിച്ചു ബർണീഷർകൊണ്ടു തേയ്ക്കുകയും ആവാം.

ചോദ്യം:—

നിങ്ങൾ സ്പ്രിംഗ്ലിങ്ങ് ചെയ്യുന്നതെങ്ങിനെ?

മാർബിൾ എഡ്ജ് ചെയ്യുവാൻ വേണ്ടുന്ന ഉപകരണങ്ങളെ ന്തെല്ലാം?

Gold Edge ചെയ്യുന്നതെങ്ങിനെ?

★

പാഠം 14

മൂടുരുട്ടൽ (Rounding).

വെട്ടിയ പുസ്തകത്തെ പിൻഭാഗം നമുക്കെതിരായിവരാവുന്ന വിധത്തിൽ ഒരു പലകമേൽവെച്ച് ഇടത്തുകയ്യുടെ പെരുവിരൽ മുൻഭാഗത്തും (Fore edge) മറ്റു നാലുവിരൽ പുസ്തകത്തിന്റെ മുകളിലും വെച്ചു മുന്നോട്ടു വലിച്ചുപിടിച്ചുകൊണ്ടു പിൻഭാഗത്തു രണ്ടുവശവും തട്ടണം. ഇപ്രകാരം പുസ്തകം തിരിച്ചുപിടിച്ചു മറുഭാഗത്തും ചെയ്യുക. ആവശ്യാനുസരണം മുൻഭാഗം വട്ടമായിവരുന്നതുവരെ തട്ടണം. സാധാരണ ആകെ വട്ടത്തിന്റെ മൂന്നിലൊരുഭാഗംവരെ തട്ടാവുന്നതാണ്. ഇങ്ങിനെയാണ് റൌണ്ടിങ്ങ് ചെയ്യുന്നതു്.

റൌണ്ടുചെയ്ത പുസ്തകത്തെ പൂർവ്വസ്ഥിതിൽ കൊണ്ടുവരുന്നതിനു ടേണിങ്ങ് അപ് (Turning up) എന്നു പറയുന്നു.

★

പാഠം 15

പതിയടിക്കൽ (Backing).

റൌണ്ടിങ്ങ് കഴിഞ്ഞ പുസ്തകത്തിന്റെ രണ്ടുപുറങ്ങളിലും ബേക്കിങ്ങ് ബോർഡ് അഥവാ പതിപ്പുലക വെച്ചു് ലയിങ്ങ്

പ്രസ്സിൽ മുറുക്കി, പുസ്തകത്തിന്റെ ഇരുഭാഗവും ബേക്കിങ്ങ് ബോർഡിനോടു മുട്ടത്തക്ക വിധത്തിൽ സാവധാനത്തിൽ തട്ടുക. അതിനുശേഷം മദ്ധ്യഭാഗത്തും തട്ടുക. പുസ്തകം എടുത്തുനോക്കിയാൽ ഗാഡിമാതിരിയായിരിക്കും. ഇതിനു ഗ്രൂവ് (Groove) എന്നു പേർ.

പുസ്തകം ബേക്കിങ്ങ് ചെയ്യുന്നതുകൊണ്ടു് ഇഷ്ടാനുസരണം നിവർത്തുന്നതിനും, സെക്ഷനുകൾ ഒന്നിനോടൊന്നു യോജിക്കുന്നതിനും, കൂമി പാറ മുതലായ നശീകരണജീവികൾ ഉള്ളിലേക്കു പ്രവേശിക്കാതിരിക്കുന്നതിനും ഉപകരിക്കും.

★

പാഠം 16

ഹെഡ്ബേൻറിങ്ങ്സ് (Head Bandings)

കാഴ്ചക്കുഭംഗിയായിരിക്കത്തക്കവിധം പുസ്തകത്തിന്റെ മുകൾഭാഗത്തും കീഴ്ഭാഗത്തും (Head and Tail) തുണികൊണ്ടോ, പട്ടകൊണ്ടോ, Band ഉണ്ടാക്കി ഒട്ടിച്ചുവരുന്നുണ്ടു്. ഇതിനാണു് Head Bands എന്നു പറയുന്നതു്

★

പാഠം 17

ലൈനിങ്ങ് ദി ബേക്ക് (Lining the back)

Bands ഒട്ടിച്ചതിനുശേഷം കടലാസ്സോ, തുണിയോ, പുസ്തകത്തിന്റെ പിൻവശം ഒട്ടിക്കണം. ഇതു പുസ്തകത്തിന്റെ നീളത്തിലും ഓരോ ഇഞ്ചുവീതം രണ്ടുഭാഗവും കവിഞ്ഞുനില്ക്കത്തക്ക വീതിയിലും ആയിരിക്കണം.

★

അറ്റാച്ചിങ്ങ് ദി ബോർഡ്(Attaching the Board)

സ്റ്റ്റോബോർഡ്, മിൽബോർഡ് എന്നിങ്ങനെ ബോർഡ് രണ്ടുവിധത്തിലുണ്ട്. സാധാരണയായി അരറാത്തൽ മുതൽ ഒന്നരറാത്തൽവരെയുള്ള മിൽബോർഡുകളാണ് ബൈൻഡിങ്ങിനു ഉപയോഗിച്ചുവരുന്നതു്. ഏതെങ്കിലും പുസ്തകത്തിനു കൂടുതൽ കട്ടിയുള്ള ചട്ട ആവശ്യമായിവന്നാൽ രണ്ടെണ്ണംതമ്മിൽ ഒട്ടിക്കുകയാണു് പതിവു്.

Sizing the Boards

റൌണ്ട്ചെയ്ത പുസ്തകത്തിനു സചല്ലം തള്ളിനിൽക്കിയാണു് ബോർഡ് വെട്ടുന്നതു്. ഇങ്ങിനെ തള്ളിനിൽക്കി വെട്ടുന്നതിനു Out board cutting or out of board എന്നും പുസ്തകത്തിനു സമമായെട്ടക്കുന്നതിനു് In board cutting എന്നും പറയുന്നു. പുസ്തകത്തേക്കാൾ തള്ളിനിൽക്കുന്ന ചട്ടയുടെ ഭാഗത്തിനു Square (സ്ക്വയർ) എന്നും പറഞ്ഞുവരുന്നു.

Board Laced in

പുസ്തകത്തിന്റെ പിൻവശത്തുനിന്നു 2 സെ. മീ. തള്ളിവെച്ചു ഓരോ ചരടിനും നേരെ മേലുകീഴായി ഈരണ്ടു ചോരം ഉണ്ടാക്കി, ഓരോ ചരടി (Bands) നേയും ആദ്യചോരത്തിൽക്കൂടി തള്ളി രണ്ടാമത്തേതിൽകൂടി പുറത്തേക്കെടുത്തു് നല്ലവണ്ണം വിരിച്ചു് പശതേച്ചു് ഒട്ടിക്കണം. എന്നാൽ ടേപ്പു് സ്ഥിയിങ്ങിനു് ഇതു ബാധകമല്ല.

★

പാഠം 19

തോൽ

സാധാരണയായി ബുക്ക് ബൈണ്ടിങ്ങിനു് Calf skin, Pig skin, Sheep skin മുതലായവ ഉപയോഗിക്കുന്നുണ്ടു്.

തോലുപയോഗിക്കുമ്പോഴും കത്തികൊണ്ടു അരുഭാഗം ചീകി നേമ്മയാക്കണം. ചീകുന്നതു് കല്ലിന്മേലോ, കണ്ണാടിച്ചില്ലിന്മേലോ വെച്ചായാൽ വളരെ നന്നായിരിക്കും.

തോൽ ഉപയോഗിക്കുമ്പോഴും പശ മാത്രമെ ഉപയോഗിക്കാവൂ. വഞ്ചുപ്പശ ഒരിക്കലും ഉപയോഗിക്കാൻ പാടില്ല.

തോൽ വൃത്തിയാക്കൽ

ചൂടുവെള്ളത്തിൽ കുറച്ചു പശയിട്ടു് നല്ലവണ്ണം കലക്കി ഓക്സാലിക് ആസിഡ് (Oxalic acid) ചേർത്തു് അരിച്ചെടുത്തു് ബ്രഷുകൊണ്ടു് ഒരേപോലെ തേച്ചു് വൃത്തിയാക്കാം. ഇതിനു Paste wash എന്നു പറയുന്നു.

★

പാഠം 20

ബൈണ്ടിങ്ങ് പലതരത്തിൽ
(Styles of Binding)

Quarter Binding

ഒരു പുസ്തകത്തിന്റെ പിൻഭാഗം മാത്രം കാലിക്കോ തുണിയോ, അല്ലെങ്കിൽ തോലോ ഉപയോഗിച്ചും മറവു ഭാഗങ്ങളിൽ കടലാസ്സും ഉപയോഗിച്ചാൽ കവർട്ടർ ബൈൻറായി.

പിൻഭാഗം കാലിക്കോ തുണിയാണെങ്കിൽ മറ്റുഭാഗങ്ങളിൽ കടലാസ്സും തോലാണെങ്കിൽ കാലിക്കോ തുണിയും ഉപയോഗിക്കണം.

കാർട്ടർ ബൈൻഡിനു In board cutting ആണു് ഉപയോഗിക്കുന്നതു്.

Half Bind

Half Bindingനുള്ള ബോർഡു് Out board cutting (ഔട്ടു് ബോർഡു് കട്ടിങ്ങു്) ആയിരിക്കണം.

ഇതിനു ഒരു പുസ്തകത്തിന്റെ നാലു മൂലകളിലും കോണ്ണർ ഒട്ടിച്ചും, കാൽബൈൻഡു് ചെയ്തപോലെ ചെയ്യണം. എന്നാൽ Out board cutting ആയതിനാൽ Turn in ചെയ്യേണ്ടതാവശ്യമാണു്.

ഇങ്ങിനെ പിൻവശവും നാലുമൂലകളിലും കാലിക്കോ തുണിയും മറ്റു ഭാഗങ്ങളിൽ കടലാസ്സും ഒട്ടിച്ചു Turn in ചെയ്യുള്ള ബൈൻഡിനു Half Bind എന്നു പറയുന്നു. കാലിക്കോവിനു പകരം തോലുപയോഗിച്ചാൽ കടലാസ്സു് കാലിക്കോ തുണിയായി രൂപാന്തരപ്പെടുത്തണം.

ഒരു സമചതുരാകൃതിയിൽ കാലിക്കോ തുണ്ടെടുത്തു് കോണോടുകോൺ മടക്കിയാണു് കോണ്ണർ വെട്ടുന്നതു്.

Full Bind

ഒരു പുസ്തകത്തു മുഴവനും കാലിക്കോ തുണിയോ, തോലോ ഉപയോഗിച്ചു ചെയ്യുന്നതാണു് മുഴബൈൻഡു് (Full Bind).

Out board cuttingനെല്ലാം Turn in (ടേൺ ഇൻ) ചെയ്യേണ്ടതാണു്. Turn in ചെയ്യുന്നതിനെല്ലാം ചട്ടയുടെ വലുപ്പത്തിലും ഓരോ ഇഞ്ചു് കൂടുതലായിരിക്കണം ഫോൺസി പേപ്പറോ, കാലിക്കോ തുണിയോ വെട്ടുന്നതു്. Turn in ചെയ്യുമ്പോഴും നല്ലവണ്ണം വലിച്ചു ഒട്ടിക്കുകയും, ഒട്ടിച്ചശേഷം ഉഴിയുകയും വേണം.

കെയിസ്സ്വക്കു് (Case work or Cloth Binding)

കെയിസ് വക്കായും Full Bind ചെയ്യാം. എന്നാൽ ചട്ടയെ പുസ്തകത്തോടു ആദ്യംതന്നെ ചേർക്കുന്നില്ല.

പുസ്തകത്തിനു ആവശ്യമായ കാലിക്കോ (ടേൺ ഇൻ) ചെയ്യുവാനുള്ളതടക്കം) എടുത്തു പശതേക്കുക. പുസ്തകത്തിന്റെ പിൻകനം അനുസരിച്ചുള്ള വീതിയിൽ സ്റ്റിഫ്നർ (Stiffner) മദ്ധ്യത്തിൽ വെച്ചും, രണ്ടു സെൻറിമീറ്റർ വീതം രണ്ടുവശവും നീക്കി ബോർഡു് വെക്കണം. അതിനുശേഷം Turn in ചെയ്ത നല്ലപോലെ ഉഴിയണം. ഇങ്ങിനെ കവറിങ്ങു് (Covering) പണി കഴിഞ്ഞതിനുശേഷം End Rapper നോടു് പശതേച്ചു ഒട്ടിക്കണം. ഇതിനു Pasting down എന്നു പറയുന്നു. Pasting down ചെയ്യുമ്പോഴും End paper ചുളിയാതിരിക്കാൻ ശ്രദ്ധിക്കണം.

ഫോട്ടോ

ഒരു ഫുൾസ്കേപ്പു് 4To ക്വാർട്ടർ ബൈൻറു് ചെയ്യുവാൻ വേണ്ടുന്ന കാലിക്കോയുടെ നീളവും വീതിയും എത്ര? (പിൻകനം $\frac{3}{4}$'')

Paste wash എന്നാലെന്തു്?

ഒരു ക്രൌൺ 8Vo Half Bind ചെയ്യുവാൻ കാലിക്കോ, ഫേൻസിയുടേയും നീളവും വീതിയും എത്ര ? (പിൻകനം 1" കട്ടിംഗ് $\frac{3}{4} \times \frac{3}{4} \times \frac{3}{4}$).

★

പാഠം 21

Stiffner (സ്റ്റിഫ്നർ)

പുസ്തകങ്ങളുടെ പിൻവശത്തു് കാലിക്കോ അല്ലെങ്കിൽ തോലിന്റേയും പുസ്തകത്തിന്റേയും ഇടയിൽ വെക്കുന്ന ബോർഡിനാണു് Stiffner എന്നു പറയുന്നതു്. ഇതിനു പുസ്തകത്തിന്റെ ചട്ടയുടെ പകുതി കനം മാത്രമേ ആകാവൂ. എന്നാൽ ബേക്കിങ്ങ് ചെയ്ത പുസ്തകത്തിനു് ഒരു കാർഡിന്റെ കനംമാത്രമെ പാടുള്ളൂ.

★

പാഠം 22

Raised Bands

ലെതർബൈൻഡ് ചെയ്ത പുസ്തകത്തിന്റെ പിന്നിൽ ഉയർന്നിരിക്കുന്ന ചില വരകൾ കാണാം. ഇതാണു് Raised Bands. സ്റ്റിഫ്നർ ഒട്ടിച്ചതിനുശേഷം തോലുകൊണ്ടോ മറ്റൊ, വീതികുറഞ്ഞ തുണ്ടുകൾ വിലങ്ങനെ വെക്കുകയാണു് ചെയ്യുന്നതു്.

★

പാഠം 23

Completing the Forwarding

ഒരു പുസ്തകം തുന്നുവാൻ തുടങ്ങിയതുമുതൽ അവസാനംവരെ (അതായതു് Stitching മുതൽ Covering വരെ Forwarding എന്നു പറയുന്നു.

Pasting down or casing in

Covering കഴിഞ്ഞതിനുശേഷം End paper പശതേച്ചു ചട്ടയെ പുസ്തകത്തോടുചേർത്ത് അമർത്തിയാൽ ചേർന്നുകൊള്ളും. ഇതിനു Pasting down എന്നു പറയുന്നു. Pasting down ചെയ്യുമ്പോൾ End paper ചുളിയാതിരിക്കുവാൻ ശ്രദ്ധിക്കണം. Pasting down ചെയ്തതിനുശേഷം പുസ്തകത്തിന്റെ ചട്ടയിൽ അലങ്കാരവേലകൾ ചെയ്യുന്നതിനു Finishing (ഫിനിഷിങ്ങ്) എന്നു പറയുന്നു.

സാധാരണയായി ഫിനിഷിങ്ങ് Pallet, Fillet. Devil മുതലായ ആയുധങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്.

Pallet : പുസ്തകങ്ങളുടെ പിൻവശത്തുള്ള ഫിനിഷിങ്ങ് പണികൾക്കും ഉപയോഗിക്കുന്നു.

പൂപടങ്ങളും കൊത്തിയിട്ടുള്ളതും തീയിൽവെച്ചു ചൂടാക്കി പുസ്തകത്തിന്റെ മേൽഭാഗത്തു ഉരുട്ടി അതിലുള്ള ചിത്രങ്ങളും പുസ്തകത്തിൽ പതിപ്പിക്കുന്നതിനുള്ള ആയുധമാണു Fillet.

Finishing tools കൊണ്ടു പുസ്തകത്തിന്റെ പിൻവശം ബോർഡുകളെ ഒന്നിനോടൊന്നു ചേരാത്തവിധത്തിൽ മേലുകീഴായി വരകൾ ഇടുന്നതിനു (Run up) എന്നു പറയുന്നു.

★

പാഠം 24

Register (റജിസ്റ്റർ)

ബൈൻഡുചെയ്ത പുസ്തകത്തിൽ വായിച്ചിട്ടുള്ള ഭാഗം എളുപ്പം മനസ്സിലാക്കുവാൻവേണ്ടി റിബ്ബൺ അല്ലെങ്കിൽ നാട പുസ്തകത്തോടുചേർത്തു കെട്ടിച്ചിട്ടുണ്ടായിരിക്കും. ഇതിനു റജിസ്റ്റർ എന്നു പറയുന്നു.

4392

ബഹു: കേരള ഗവമ്മേണ്ടിന്റെ
ബൈൻറിംഗ് പരീക്ഷയ്ക്കിരി
ക്കാവുന്ന തരത്തിൽ ക്ലാസ്സു
കൾ നടത്തിവരുന്നു....

വിവരങ്ങൾക്ക് എഴുതുക:

പൂവത്തിങ്കൽ മൂളിംഗ് & ബൈൻറിംഗ് വർക്ക്സ്,

ഹൈറോഡ് :: തൃശ്ശൂർ.

Printed at: KERALA PRINTERS, TRICHUR.